## പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2233** **11/03/2020-ൽ മറുപടിയ്ക്ക്**

### സഹകരണ വകുപ്പ് നടപ്പിലാക്കുന്ന സ്മാർട്ട് ക്ലാസ്സ് റൂം പദ്ധതി

| ചോദ്യം | | | മറുപടി |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ സ്മാർട്ട് ക്ലാസ്സ്മുറികൾ സ്ഥാപിക്കുന്നതിന് പ്രഖ്യാപിച്ച പദ്ധതി പ്രകാരം ഓരോ നിയോജകമണ്ഡലത്തിൽ നിന്നും സ്കൂളുകളുടെ പട്ടിക വാങ്ങിയിട്ടും ഈ പദ്ധതി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സഹകരണ വകുപ്പ് മുഖാന്തിരം ഒരു നിയോജകമണ്ഡലത്തിൽ ഒരു യു.പി. സ്കൂൾ വീതം 140 നിയോജകമണ്ഡലങ്ങളിലായി 140 സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മിക്കുന്ന പദ്ധതിയുടെ ഭാഗമായി ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ, ജില്ലയിലെ ഓരോ നിയോജകമണ്ഡലത്തിലെയും എം.എൽ.എ മാർ ലഭ്യമാക്കുന്ന ലിസ്റ്റും, സന്നദ്ധരായ സംഘങ്ങളുടെ ലിസ്റ്റും തയ്യാറാക്കിയിരുന്നു.<br><br>എന്നാൽ പൊതു വിദ്യാഭ്യാസ വകുപ്പ് സ്വന്തം നിലയിൽ സംസ്ഥാനത്തെ എൽ.പി/യു.പി. സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ സ്ഥാപിച്ചു നൽകുന്നതിന് പദ്ധതി തയ്യാറാക്കിയ സാഹചര്യത്തിൽ സഹകരണ സംഘങ്ങൾ മുഖാന്തിരം സ്മാർട്ട് ക്ലാസ് മുറികൾ നിർമ്മിച്ചു നൽകുന്ന പദ്ധതി തൽക്കാലം തുടരേണ്ടതില്ല എന്നാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ സഹകരണ സംഘങ്ങൾ പൊതുയോഗ തീരുമാനപ്രകാരം തങ്ങളുടെ പ്രദേശത്തെ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ നിർമ്മിച്ചു നൽകുന്നുണ്ട്. ഈ രീതി തുടരാവുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | ഈ പദ്ധതിയിലേക്ക് കൊണ്ടോട്ടി മണ്ഡലത്തിൽ നിന്ന് ഏതെല്ലാം സ്കൂളുകളെയാണ് ഉൾപ്പെടുത്തിയിരുന്നത്; ഇവിടെ എന്തെങ്കിലും പ്രവൃത്തി നടന്നിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ ബഹു. എം.എൽ.എ യിൽ നിന്നും ലഭ്യമായ സ്കൂളുകളുടെ ലിസ്റ്റ് താഴെ ചേർക്കുന്നു.<br>1. ജി.എം.എൽ.പി.എസ് വാഴയൂർ - വാഴയൂർ ഗ്രാമപഞ്ചായത്ത്.<br>2. ബി.ടി.എം.ഐ. യു.പി.എസ്. പേങ്ങാട് - ചെറുകാവ് ഗ്രാമപഞ്ചായത്ത്.<br>3. ജി.എൽ.പി.എസ് വിളയിൽ കനിത്തലക്കടവ് - ചീക്കോട് ഗ്രാമപഞ്ചായത്ത്.<br>4. ഇർശാദിയ എ.യു.പി.എസ്. വലിയപറമ്പ് - പുളിക്കൽ ഗ്രാമപഞ്ചായത്ത്.<br>5. ജി.എം. എൽ.പി.എസ്. മുണ്ടുമുഴി വാഴക്കാട് ഗ്രാമപഞ്ചായത്ത്.<br>6. എ.എം. എൽ.പി.എസ്. നീറാട് - കൊണ്ടോട്ടി മുൻസിപ്പാലിറ്റി.<br>7. ജി.എം.എൽ.പി.എസ് ചുങ്കം - കൊണ്ടോട്ടി മുൻസിപ്പാലിറ്റി.<br><br>ടി സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം സജ്ജീകരിക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നിട്ടില്ല. എന്നാൽ കൊണ്ടോട്ടി നിയോജക മണ്ഡലത്തിലെ ജി.എം.യു.പി. സ്കൂൾ കൊണ്ടോട്ടിയിൽ കൊണ്ടോട്ടി സർവ്വീസ് സഹകരണ ബാങ്കും, ഓമാനൂർ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ ചീക്കോട് സർവ്വീസ് സഹകരണ ബാങ്കും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്മാർട്ട് ക്ലാസ് റൂം നിർമ്മിച്ചു നൽകിയിട്ടുണ്ട്. |
| (സി) | പൊതുവിദ്യാലയങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് വേണ്ടി സഹകരണ വകുപ്പ് നടപ്പിലാക്കുന്ന മറ്റു പദ്ധതികൾ വിശദമാക്കാമോ? | (സി) | പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടി സഹകരണ സംഘങ്ങൾ മുഖേന പരമാവധി ഒരു ലക്ഷം രൂപ വരെ ചെലവഴിക്കുന്നതിന് അനുവാദം നൽകിക്കൊണ്ട് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇവയിൽ പ്രധാനമായും നടപ്പിലാക്കുന്നവ |

| | | | |
|---|---|---|---|
| | | | കുട്ടികൾക്കാവശ്യമായ കമ്പ്യൂട്ടറുകൾ, സ്പോർട്ട്സ് കിറ്റ്, ലബോറട്ടറി ഉപകരണങ്ങൾ ലഭ്യമാക്കുക, സ്കൂളുകളിലെ അടുക്കള, ഡൈനിംഗ് ഹാൾ എന്നിവിടങ്ങളിലേക്കുള്ള ആവശ്യ സാധനങ്ങൾ ലഭ്യമാക്കുക, ക്ലാസ്സ് മുറികൾ, ശുചിമുറികൾ എന്നിവിടങ്ങളിലെ അസൗകര്യങ്ങൾ തീർപ്പാക്കുക എന്നിവയാണ്. അതാതു പ്രദേശത്തെ സഹകരണ സംഘങ്ങളും സ്കൂൾ പി.റ്റി.എ.യുമായി ആലോചിച്ച് സ്കൂളുകളിലെ ആവശ്യകത കണക്കിലെടുത്താണ് തുടർ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. |

**സെക്ഷൻ ഓഫീസർ**